TABLOID **TREND INFO**

SKSSF TREND KERALA STATE COMMITTEE, CALICUT, KERALA, INDIA-673002

PUBLISHED BY:
TEAM RESOURCE FOR EDUCATION AND NATIONAL DEVELOPMENT

23 JUN. 2020 | ISSUE 18

ഇടപെടൽ

# പരിഷ്ക്കരണങ്ങളെ സ്വാഗതം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖല



ഡോ. എം. അബ്ദുൾ ഖയ്യൂം
കോർഡിനേറ്റർ, റിസർച്ച് ഫോറം, ട്രെന്റ് സംസ്ഥാന സമിതി

എം.ജി സർവ്വകലാശാല വൈസ് ചാൻസലർ ഡോ.സാബു തോമസ് സമിതിയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് കഴിഞ്ഞ ദിവസം സർക്കാറിനു മുമ്പിൽ സമർപ്പിച്ചു.

അന്തർദ്ദേശീയ സർവ്വകലാശാലകളിലെ ഉപരി പഠനത്തിനും ഗവേഷണങ്ങൾക്കും നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി അക്കാദമിക തലത്തിൽ സമൂലമായ പരിഷ്ക്കരണങ്ങൾ നിർദ്ദേശിച്ചു കൊണ്ടുള്ള റിപ്പോർട്ട് ആണ് സമിതി മുന്നാട്ട് വെക്കുന്നത്.

നാലു വർഷത്തെ ഓണേഴ്സ് ബിരുദം, ട്രിപ്പിൾ മെയിൻ പ്രോഗ്രാമുകൾ, മേജർ വിഷയങ്ങളുടെ കൂടെ മൈനർ വിഷയങ്ങളും സ്വതന്ത്രമായി പഠിക്കാനുള്ള അവസരം, ഇന്റഗ്രേറ്റഡ് പി ജി, റിസർച്ച് പ്രോഗ്രാമുകൾ വ്യാപകമാക്കാൻ സമിതി സുപാർശ ചെയ്യുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റൊബോട്ടിക്സ്, സ്പേസ് സയൻസ്, ഗ്ലോബൽ ഹിസ്റ്ററി തുടങ്ങിയ വൈവിധ്യങ്ങളായ നൂതന കോഴ്സുകൾ തുടങ്ങാനും ശുപാർശയുണ്ട്.

സാങ്കേതിക മേഖലയിൽ ഇന്റർ ഡിസിപ്ലിനറി പഠനം, വ്യത്യസ്ഥ സർവ്വകലാശാലകളിൽ നിന്ന് ഒരേ സമയം പഠനം നടത്തുക, പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ പരിഷ്ക്കരണങ്ങൾ വരുത്തുക എന്നതും നിർദ്ദേശങ്ങളാണ്.

കോഴ്സുകൾ നടത്തുന്നതിന് ദേശീയ അന്തർദ്ദേശീയ മികവ് റാങ്കിംങ്ങിൽ മുന്നിൽ നിൽക്കുന്ന സ്ഥാപനങ്ങളെ മാത്രം തിരഞ്ഞെടുക്കാനാണ് ശുപാർശ. ഇത് നിലവിൽ പിന്നോക്കാവസ്ഥയിലുള്ള സ്ഥാപനങ്ങളെയും പ്രദേശങ്ങളെയും കൂടുതൽ പിന്നോക്കാവസ്ഥയിലാക്കും എന്നതാണ് ഒരു വിമർശനം. സാങ്കേതിക മേഖലയിലും മെഡിക്കൽ മേഖലയിലും പുതിയ സർവകലാശാലകൾ വന്നതോടെ അനാകർഷകമായ പരമ്പരാഗത സർവ്വകലാശാലകളെ മുഖ്യധാരയിലേക്ക് തിരിച്ചു കൊണ്ടുവരാനുള്ള ശ്രമമാണിതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായതും അല്ലാത്തതുമായ നിരന്തര പരിഷ്ക്കരണങ്ങൾക്ക് കേരളം സാക്ഷിയായിട്ടുണ്ട്.

എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥിതി അതല്ല. ഒരു ക്രെഡിറ്റ് സെമസ്റ്റർ പരിഷ്ക്കരണത്തിനപ്പുറം സംസ്ഥാനം രൂപം കൊ കാലത്തെ സിലബസും കരിക്കുലവുമാണ് മിക്ക ഡിസിപ്ലിനിലും പിന്തുടരുന്നത്. അധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും മാറ്റങ്ങളോട് ശക്തമായി വിമുഖത പുലർത്തുന്നതും ചെറിയ മാറ്റങ്ങൾക്ക് പോലും വലിയ സമരങ്ങൾ നടത്തുന്നു എന്ന തിരകേരളം സാക്ഷിയായതാണ്.

വിമർശനങ്ങളെ ഉൾക്കൊണ്ടു കൊണ്ടുള്ള ഒരു പരിഷ്ക്കരണം എന്തുകൊണ്ടും സ്വാഗതാർഹമാണ്. പുഴകളും സമുദ്രവും ധാരാളം സുഗന്ധ വ്യഞ്ജനങ്ങളും ഉണ്ടായിട്ടും ജീവനക്കാർക്ക് പോലും കൂലി കൊടുക്കാൻ പാട്ടപിരിവ് നടത്തേണ്ടി വരുന്ന സർക്കാറുകൾക്ക് നാം സാക്ഷിയാവേണ്ടി വന്നതാണ്. അന്താരാഷ്ട്ര തലത്തിലെ മാറ്റങ്ങളെ ഉൾക്കൊണ്ട് നമ്മുടെ വിഭവശേഷിയെ പരിവർത്തിപ്പിക്കാൻ സാധിക്കാതെ പോയതാണ് ഇതിന്റെ കാരണം. ഗവേഷണങ്ങൾ വഴി ഇതെല്ലാം ചെയ്യാൻ മുന്നിൽ നിൽക്കേവരാണ് സർവ്വകലാശാലകൾ. കുറെ ജീവനക്കാരെ തീറ്റിപോറ്റുന്നതിനപ്പുറത്തേക്ക് യൂനിവേഴ്സിറ്റികളുടെ അജണ്ട മാറുമെന്ന് തന്നെയാണ് നമ്മുടെ പ്രതീക്ഷ. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കരണങ്ങളുടെ ഫിലോസഫി അതായിരിക്കട്ടെ.

## പ്രതികരണങ്ങൾ

എല്ലാ ചൊവ്വാഴ്ചയും ട്രെന്റ് സംസ്ഥാന സമിതിയുടെ കീഴിൽ പുറത്തിറക്കുന്ന TRENDinfo ടാബ്ളോയിഡ് ശ്രദ്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കാം.

സ്വാലിഹ് ഇടുക്കി (കോർഡിനേറ്റർ)
9495887440
swalihumuhammed@gmail.com
TRENDinfo, tabloid
SKSSF TREND STATE COMMITTEE

അവലോകനം

# സ്റ്റെപ്പ് പ്രതിഭാ ക്ലബ് ഫലം കൊയ്യുമ്പോൾ.



റഷീദ് കോടിയൂറ, ചെയർമാൻ, ട്രെൻറ്

അധിനിവേശ ശക്തികളിൽ നിന്ന് സ്വയംഭരണത്തിന്റെ നവരാഷ്ട്ര സങ്കൽപത്തിലേക്ക് ഇന്ത്യയെ രക്തവും ജീവനും നൽകി കൈപിടിച്ചു നടത്തിയൊരു സമുദായം, ഭരണഘടന നിർമ്മാണമടക്കമുള്ള നവരാഷ്ട്ര നിർമ്മാണ പ്രക്രിയകളെ ചിന്തകൾ കൊണ്ടും ബൗദ്ധികചേതന കൊണ്ടും സമ്പുഷ്ടമാക്കിയ ആ സമുദായം കാലചക്രത്തിന്റെ കറക്കത്തിലെവിടെയോ പ്രതാപങ്ങളൊക്കെയും നഷ്ടപ്പെട്ട് യവനികയ്ക്കുള്ളിൽ മറയാൻ തുടങ്ങിയിരുന്നു. നിയമനിർമ്മാണ-ഭരണനിർവ്വഹണ മേഖലകളിൽ ആനുപാതികാർഹമായ പ്രാതിനിധ്യം പോലുമില്ലാതെ അഭിമാനകരമായ നിലനിൽപിനായി ശ്വാസം മുട്ടിത്തുടങ്ങിയിരുന്നൊരു സമുദായത്തെ രാഷ്ട്രനിർമ്മാണ പ്രക്രിയകളിൽ അവഗണിക്കാൻ കഴിയാത്തൊരു സാന്നിദ്ധ്യമാക്കുകയെന്ന തീവ്രമായൊരഭിലാഷത്തിൽ നിന്നായിരുന്നു എസ്കെ.എസ്.എസ്.എഫ് ട്രെന്റിന് കീഴിൽ 'സ്റ്റെപ്പ്' എന്ന ചുരുക്കപ്പേരിൽ സ്റ്റുഡന്റ്സ്ടാലന്റ് എംപവർമെന്റ് പ്രോഗ്രാം ആരംഭിക്കുന്നത്

നീണ്ടകാല ചർച്ചകൾക്കും ആലോചനകൾക്കും, നിരീക്ഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കും ശേഷം പത്ത് വർഷങ്ങൾക്ക് മുമ്പാണ് പത്താം ക്ലാസ് കഴിഞ്ഞ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള മിടുക്കരായ കുഞ്ഞുമക്കളുമായി സ്റ്റെപ്പ് അതിന്റെ എളിയ യാത്രയാരംഭിക്കുന്നത്പലകോണുകളിൽ നിന്നുള്ള നിർബന്ധ പൂർവ്വമായ ആവശ്യങ്ങൾ പരിഗണിച്ച് ഒരു വർഷത്തിന് ശേഷം രണ്ടാം ബാച്ച്കൂടി ആരംഭിച്ചതോടെ യാത്രസംഘം കൂടുതൽ കരുത്തുറ്റതായി മാറുകയായിരുന്നു.

അടിത്തറ പാകിയ ഓറിയന്റേഷനും കഴിഞ്ഞ് റെസിഡൻഷ്യൽ ക്യാമ്പുകളിലെത്തിയതോടെ സുദീർഘമായ യാത്രപഥം വ്യക്തമായി കാണാൻ തുടങ്ങി അവർ. കേവല സ്വപ്നങ്ങളിൽ നിന്ന് നിശ്ചയദാർഢ്യമായ തീരുമാനങ്ങളിലേക്കുള്ള തിരിച്ചറിവുകൾ ക്യാമ്പുകളിൽ നിന്നുണ്ടായി. വഴികാട്ടാൻ സ്റ്റെപ്പും വഴിവെട്ടാൻ സ്റ്റെപ്പ് പെറ്റ്സും മത്സരിച്ചപ്പോൾ പ്രതീക്ഷകളുടെ പുതിയ ആകാശങ്ങൾ തെളിഞ്ഞു വന്നു. ക്യാമ്പുകൾ പാകിയ തറകളിൽ പുതിയ ചുമർ കെട്ടിത്തുടങ്ങി അവർ. അവനവനെ/ അവളവളെ തിരിച്ചറിഞ്ഞ് സമുചിതമായ വഴി തെരഞ്ഞെടുക്കാൻ പ്രചോദനമായി സ്റ്റെപ്പ് പ്രവചനാതീതമായ യാത്രയിൽ നിശ്ചയദാർഢ്യം കൈവിടാതെയവർ തുഴഞ്ഞുകൊണ്ടേയിരിക്കുകയാണ്.




പ്രിലിമിനറി പരീക്ഷയും കടന്ന് മെയിൻസ്പരീക്ഷയെഴുതിയവരുതിൽ, വിദേശ സർവ്വകലാശാലകളിലെ ഉന്നത ഫെല്ലോഷിപ്പുകൾ നേടി ഗവേഷണ വഴി തിരഞ്ഞെടുത്തു ചിലർ, സി.എ പരീക്ഷയിൽ അഖിലേന്ത്യ തലത്തിൽ റാങ്ക്നേടിയവർ, ഐ.ഐ.ടി./ ജെ.എൻ.യു തുടങ്ങി രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപങ്ങളിൽ പി.എച്ച്.ഡി ചെയ്യുന്നവർ, മെഡിസിൻ പൂർത്തിയാക്കി ആതുരസേവനത്തിനിറങ്ങിയവർ, നിയമം പഠിച്ച് കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നവർ, അധ്യാപക വേഷമണിഞ്ഞവർ, കേരളത്തിലകത്തും പുറത്തുമുള്ള മികച്ച സിവിൽ സർവ്വീസ്ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്നവർ, മത പണ്ഡിതർ, സംഘടന നേതാക്കൾ പലവഴികളിലൊഴുകി സമുദ്രത്തെ തേടുന്ന ജലപ്രവാഹം പോലെ ഒഴുകുകയാണവർ.' സ്റ്റെപ്പ് എക്സൽ എന്ന വാട്സ്ആപ് ഗ്രൂപ്പിൽ മുഹമ്മദ് അലി ശിഹാബ് ഐ.എ.എസിന്റെ മെന്ററിംഗിലായി സ്റ്റെപ്പിലെ ഒരു ക്രീം ഇപ്പോഴും സജീവമായുണ്ട്. അവരിൽ പത്തിലധികം സ്റ്റെപ്പ് അംഗങ്ങൾ തീവ്രപരിശീലനവുമായി ഈ വർഷത്തെ സിവിൽ സർവീസ് പരീക്ഷയെഴുതാൻ കാത്തിരിക്കുന്നുണ്ട്. ഷാർജ, അബുദാബി SKSSF ആയിരുന്നു പ്രായോചകർ. കലുഷിതമായ സമകാലിക വാർത്തകൾക്കിടയിൽ പ്രതീക്ഷാ നിർഭരമായ വാർത്തയുമായി പൊട്ടിവിടരുന്നൊരു പ്രഭാതം അകലെയല്ല. ഇൻ'ഷാ അള്ളാഹ്.

അഭിമുഖം

# 'സാംസ്കാരിക സുകൃതം വീണ്ടെടുക്കാനാണ് മനീഷ'



അലി വാണിമേൽ

വാണിമേൽ ക്രസന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകനായ അലിമാഷ് ക്ലാസിനകത്തും പുറത്തും പ്രിയങ്കരനായ സംഘാടകൻ കൂടിയാണ്. എസ്.കെ.എസ്.എസ്.എഫ് ട്രെൻഡ് കോഴിക്കോട് ജില്ലാ ചെയർമാൻ, റൈറ്റേഴ്സ് ഫോറം സംസ്ഥാന സമിതി ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ച അലി മാസ്റ്റർ നിലവിൽ സംഘടനയുടെ സാംസ്കാരിക വിഭാഗമായ മനീഷയുടെ സംസ്ഥാന സമിതി കൺവീനറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ട്രെൻഡ് ഇൻഫോക്ക് വേണ്ടി സംസാരിക്കുന്നു.

? മനീഷ എന്ന പദം തന്നെ പുതുമയുള്ളതാണ്. മനീഷ കൂട്ടായ്മ കൊണ്ട് SKSSF എന്താണ് ഉദ്ദേശിക്കുന്നത്?

തിരിച്ചറിവ്, ധിഷണ, അവബോധം എന്നൊക്കെയാണ് മനീഷ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

വിശ്വാസിസമൂഹം എന്ന നിലയിൽ നാമിന്ന് നേരിട്ടുകൊണ്ടിരിക്കുന്ന വിവിധങ്ങളായ വെല്ലുവിളികളെ ആശയതലത്തിൽ ബുദ്ധിപരമായി പ്രതിരോധിക്കുക എന്നുള്ളതാണ് പ്രധാനമായും മനീഷ ലക്ഷ്യമിടുന്നത്. ആഗോള തലത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഇസ്ലാമോഫോബിയ കാരണം മുസ്ലിം സമൂഹം വ്യാപകമായ അക്രമവും അനീതിയമാണ് നേരിട്ടു കൊണ്ടിരിക്കുന്നത്.

നമ്മുടെ രാജ്യത്തും ഇസ്ലാമോഫോബിയ അതിന്റെ പാരമ്യതയിൽ എത്തിക്കൊണ്ടിരിക്കുകയാണ്. സംഘ്പരിവാർ ശക്തികൾ കാലങ്ങളായി നടത്തിവന്ന വിദ്വേഷ പ്രചരണങ്ങൾ ഇസ്ലാം വെറുക്കപ്പെടേണ്ട മതമാണെന്ന അപകടകരമായ പൊതുബോധം സൃഷ്ടിപ്പിന് കാരണമാകുന്നുണ്ട്. ഇതിനെ മറികടക്കുന്നതിന് സായുധമോ കായികമോ ആയ വഴികൾ തേടുന്നതിനുപകരം ആധുനിക സൗകര്യങ്ങളും പ്രചരണ മാധ്യമങ്ങളും ഉപയോഗിച്ച് ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശം പരമാവധി സമൂഹത്തിൽ പ്രചരിപ്പി ക്കുക എന്നത് തന്നെയാണ് മുഖ്യദൗത്യമായി കാണുന്നത്. ചരിത്രത്തെ വളച്ചൊടിക്കുന്ന ഫാഷിസ്റ്റ് പ്രോപഗയെ കേവലമായ പ്രത്യാരോപണങ്ങൾ കൊണ്ട് തടഞ്ഞു നിർത്തുക പ്രയാസമാണ്. ഇവിടെ അനിഷേധ്യമായ ചരിത്ര സത്യങ്ങളിലേക്ക് പുതുതലമുറയെ ആകർഷിക്കാനുതകുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. ഫാസിസ്റ്റ് കുപ്രചരണങ്ങൾക്ക് കുട പിടിക്കുന്ന വിധം കേരളത്തിൽ ഇസ്ലാംവിരുദ്ധ ഗൂഢാലോചനയുമായി മുമ്പിൽ നിൽക്കുന്നത് നാസ്തിക വിഭാഗമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന സൗഹൃദത്തിന്റെയും വിശ്വാസസ്വാതന്ത്രത്തിന്റെയും നല്ല നല്ല നടപ്പുകൾക്കിടയിൽ ഇത്തരം ദുഷ്ടശക്തികൾ കടന്നുകയറി സാംസ്കാരിക രംഗം വികൃതമാക്കാതിരിക്കാൻ മനീഷ ഉൾപ്പെടെയുള്ള സാംസ്കാരിക കൂട്ടായ്മകളുടെ പരിശ്രമങ്ങൾ നിമിത്തമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

?സാംസ്കാരിക കേരളത്തെ സമ്പന്നമാക്കാനുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്.

പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്തു തുടങ്ങിയതേയുള്ളൂ. കാലോചിതമായ പ്രവർത്തനങ്ങൾക്ക് തന്നെയാകും മനീഷയുടെ ഊന്നൽ. ആദ്യ ആഴ്ചയിൽ തന്നെ പ്രഥമ പ്രവർത്തന പരിപാടിയായി രൂപം നൽകിയിരിക്കുന്നത് വായനാ വസന്തം എന്ന പേരിലുള്ള വാരാചരണമാണ്. ഇതിന്റെ ഭാഗമായി ബുക്ക് ചാലഞ്ച്, റിവ്യൂ റൈറ്റിംഗ്, ഹാഷ് ടാഗ് ക്യാമ്പയിൻ, മീറ്റ് ദ റൈറ്റർ എന്നീ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ലോക് ഡൗൺ നിയന്ത്രണങ്ങൾ ഉള്ളതിനാൽ ഓൺലൈൻ സൗകര്യം ഉപയോഗപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കാനുള്ള ഒരുക്കത്തിലാണ് മനീഷ സമിതി. വായനയുടെ പുതിയ സാധ്യതകൾ പങ്കുവെക്കുന്നതിനായി ഇത്തരം പരിപാടികൾ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല

?നിലവിലെ ദഅവാ മേഖലയെ മനീഷക്ക് എങ്ങനെ സഹായിക്കാനാകും.?

സമസ്ത നേതൃത്വം നൽകുന്ന മത പ്രബോധന പ്രവർത്തനങ്ങളിൽ സാധ്യമാകും വിധം പങ്കുവഹിച്ചു മുന്നേറാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഒപ്പം, സംഘടനക്കു കീഴിൽ പ്രബോധന ദൗത്യം ഭംഗിയായി നിർവഹിച്ചു കൊണ്ടിരിക്കുന്ന എഴുത്തുകാർക്കും പ്രഭാഷകർക്കുമായി നിലപാടുകളിൽ ഏകീകരണം ഉണ്ടാക്കുന്നതിനും പുതുമുഖങ്ങളെ പരിചയപ്പെടുത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യണമെന്ന് ആഗ്രഹമുണ്ട്.

?കാമ്പസുകളിൽ മനീഷക്ക് ഇടം ലഭിക്കുന്ന പ്രവർത്തനങ്ങളെ എങ്ങനെ കാണുന്നു.

സംഘടനക്ക് കീഴിൽ കാമ്പസുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി കാമ്പസ് വിംഗ് സമിതി തന്നെ ഉണ്ടല്ലോ. എന്നാലും പ്രത്യേക സാഹചര്യങ്ങളിൽ ആവശ്യമായ സന്ദേശങ്ങൾ കൈമാറുന്നതിനായി കാമ്പസുകളെ സമീപിക്കേണ്ടി വരും. പൊതുവെ സജീവമായി നിൽക്കാറുള്ള കാമ്പസുകളിൽ ജനാധിപത്യ സംസ്കാരത്തെയും മതേതര മൂല്യങ്ങളെയും ഊട്ടിയുറപ്പിക്കുന്നതിന് കൂടുതൽ ഊർജം ചെലവഴിക്കാൻ കഴിയുമെങ്കിൽ അതൊട്ടും വ്യഥാവിലാകില്ല എന്നത് തീർച്ചയാണ്.

?അക്കാദമിക് സമൂഹത്തോട് എന്താണ് പറയുനുള്ളത്.

പഴയ കാലത്തുള്ള ജീവിതരീതികളും നടപടികളുമല്ല നാം അഭിസംബോധന ചെയ്യുന്ന പുതിയ കാലത്തെ വിദ്യാർത്ഥി സമൂഹം. അവരിലെ മാറ്റങ്ങൾ നാം ഉൾക്കൊള്ളുമ്പോൾ തന്നെ അടിസ്ഥാനപരമായ മൂല്യങ്ങൾ പകർന്ന് കൊടുക്കാനുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുകയും അവരവരുടെ ജീവിത ചുറ്റുപാടുകളിൽ സാധ്യമായ രീതിയിൽ പുതുതലമുറയെ വിദ്യാസമ്പന്നരും സംസ്കാര സമ്പന്നരുമാക്കി മാറ്റാൻ പരിശ്രമിക്കുകയും വേണം.

തയ്യാ: ഹാരിസ് അമീൻ വാഫി.